315/ex/18


**സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, അമൃത്**

തദ്ദേശസ്വയം ഭരണവകുപ്പ്, കേരള സർക്കാർ

റ്റി.സി. 15/160, വിപഞ്ചിക അനക്സ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: +91-471-2312856, ഫാക്സ് : +91-471-2312857

ഇ-മെയിൽ : smmukerala@gmail.com website : smartkeralamission.org

അമൃത്


**No.AK3/AMRUT/14/2015** **Dated: 22.11.2018**

**സർക്കുലർ**

വിഷയം: അമൃത് പദ്ധതി - നഗരസഭകൾ മുഖാന്തിരം നടപ്പിലാക്കുന്ന സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ്, അർബൻ ട്രാൻസ്പോർട്ട്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, പാർക്ക് എന്നീ 4 സെക്ടറുകളിലെ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ നടപ്പിലാക്കുന്നതും വർക്കുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതും - സംബന്ധിച്ച്.

സംസ്ഥാനത്തെ 9 അമൃത് നഗരങ്ങളിലും കേരള പൊതുമരാമത്ത് ചട്ടവും, പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരവും, മുനിസിപ്പൽ കോർപ്പറേഷൻ പൊതുമരാമത്ത് ചട്ടവും, അമൃത് ഗൈഡ് ലൈനും അനുസരിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ടെന്ററുകൾ ക്ഷണിച്ച് പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ 01.02.2012-ലെ 13/2012/പൊ.മ.വ., 28.09.2013-ലെ 79/2012/പൊ.മ.വ. എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് പ്രവൃത്തികൾ നടത്തിയാൽ മാത്രമെ കേന്ദ്ര ഭവന നഗരകാര്യ വകുപ്പിൽ നിന്ന് രണ്ടാം ഗഡു തുക ലഭിക്കുകയുള്ളൂ. നഗരസഭകളിലെയും അമൃത് മിഷനിലെയും എഞ്ചിനീയർമാർ നിർബന്ധമായും പ്രവൃത്തികളുടെ ഗുണ നിലവാരം, ആവശ്യമായ ലാബ് ടെസ്റ്റ് എന്നിവ ഉറപ്പു വരുത്തി മാത്രമെ പ്രവൃത്തി ബിൽ നൽകാവൂ എന്ന് ഇതിനാൽ അറിയിക്കുന്നു. സംസ്ഥാനത്തെ അമൃത് പദ്ധതികൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുമായി കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് 18.05.2018-ലെ K -16011/63/2016-AMRUT - IB(Pt.-2) നമ്പർ കത്ത് പ്രകാരം M/s. WAPCOS എന്ന സ്ഥാപനത്തെ കേന്ദ്ര സർക്കാർ നിശ്ചയിക്കുകയും പ്രസ്തുത സ്ഥാപനവുമായി അമൃത് മിഷൻ ഡയറക്ടർ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ആയതിനാൽ അമൃത് നഗരങ്ങളിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ ഗുണനിലവാരം കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്

**മിഷൻ ഡയറക്ടർ**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ (സൗത്ത് & നോർത്ത് സർക്കിൾ)

അമൃത് നഗരങ്ങളിലെ എല്ലാ കോർപ്പറേഷനിലെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ

അമൃത് നഗരങ്ങളിലെ എല്ലാ മുനിസിപ്പൽ എഞ്ചിനീയർമാർ

തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ (അമൃത് നഗരങ്ങൾ)

എല്ലാ അമൃത് സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾക്കും

**ഉത്തരവിൻ പ്രകാരം**

**ടീം ലീഡർ**

# Endorsement No. DB5/12414/15/CE/LSGD dated 26/11/2018

Copy of the circular is published in the website for information and further necessary action to all Engineering head of urban local bodies whoever implementing AMRUT projects.

for CHIEF ENGINEER